Dated 07/01/ 2018

# കൊല്ലം സിറ്റി പോലീസ് ഓഫീസ് - ISO 9001: 2015 പദവി പ്രഖ്യാപനം- മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.




കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിനു ISO 9001: 2015 പദവി പ്രഖ്യാപനം ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. ഇന്ന് 7.01.2018 ഉച്ചയ്ക്ക് 12.00 മണിക്ക് ജില്ലാപോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വച്ചാണ് പ്രഖ്യാപനം നടത്തിയത്. പൊതുജനങ്ങൾക്കും പോലീസ് സേനാംഗങ്ങൾക്കും ലഭിക്കേ സേവനം മികവുറ്റ രീതിയിൽ കാര്യക്ഷമമായി നൽകിയതിൽ മെച്ചപ്പെട്ട പ്രവർത്തനം കാ ഴ്ചവച്ചതിനാലാണ് കൊല്ലം സിറ്റി ജില്ലാ പോലീസ് ആഫീസിനു ഈ അംഗീകാരം നേടുന്നതിന് സാധ്യമായത്. ISO 9001: 2015 അംഗീകാരം നേടുന്ന കേരളത്തിലെ ആദ്യത്തേ പോലീസ് ജില്ലാ ആഫീസ് ആണ് കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസ്. ISO സർട്ടിഫിക്കറ്റ് അംഗീകാരത്തിലൂടെ സിറ്റി പോലീസ് കാര്യാലയത്തിലെ ജീവനക്കാർ മറ്റു പോലീസ് ജില്ല കൾക്ക് മാതൃകയായിരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 2017 ഡിസംബർ 31 നകം തന്നെ സിറ്റി പോലീസ് പരിധിയിലെ എല്ലാ വീടുകളും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പോലീസ് സന്ദർശനം നടത്തി വിവരശേഖരണം നടത്തിയിരുന്നു. കൊല്ലം സിറ്റി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായ ഭവന സന്ദർശന പൂർത്തികരണ പ്രഖ്യാപനവും തദവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. ജില്ലാപോലീസ് ആസ്ഥാന അങ്കണത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ ബഹു. ഫിഷറീസ് വകുപ്പു മന്ത്രി ശ്രീമതി മെഴ്സി കുട്ടിയമ്മയുടെ അദ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജഗദമ്മ ടീച്ചർ, പോലീസ് സംഘടനഭാരവാഹികൾ തുടങ്ങിയ പ്രമുഖർ സംസാരിച്ചു.